INDIAN SCHOOL SOHAR
PERIODIC TEST – II (2017 -2018)
MALAYALAM

Set - 1

CLASS VIII — Max. Marks: 20

DATE: 10.01.2018 — Duration : 40min.

**1. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

കുട്ടിക്കാലത്ത് ശരീരവും മനസ്സും ഒരുമിച്ചു വളരണം. ഓടിച്ചാടി ആർത്തുല്ലസിച്ചു കളിച്ചാലേ ശരീരത്തിനും മനസ്സിനും ആരോഗ്യമുണ്ടാവൂ. കളികൾ , രോഗം വരാതിരിക്കാൻ സഹായിക്കുന്നതുപോലെ മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാനും സഹായിക്കും. യാന്ത്രികമായി ഗംഗാതീരത്തിരുന്നു മന്ത്രം ജപിക്കുന്നവനെക്കാൾ മുൻപേ, ഫുട്ബോൾ കളിക്കുന്നവർ സ്വർഗത്തിലെത്തുമെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ലോകത്തെ ഏറ്റവും ജനകീയമായ കളി ഫുട്ബോളാണ്. ബാസ്കെറ്റ്ബോൾ, ടെന്നീസ് തുടങ്ങിയവയും അന്താരാഷ്ട്ര പ്രാധാന്യം ഉള്ള കളികളാണ്. ചെസ്സ് മാനസികമായ ഏകാഗ്രത വർദ്ധിപ്പിക്കാറുണ്ട്. കായിക മേഖലയിൽ പാരമ്പര്യമില്ലാത്ത അറേബ്യൻ രാജ്യങ്ങൾ പോലും അവരുടെ കഴിവ് തെളിയിക്കാറുണ്ട് . യുദ്ധത്തിനിടയിലും ഇറാഖ് ഫുട്ബോൾ കളിച്ചു ജയിക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ കായിക ശക്തി ചൈനയാണ്. കേരളവും ഇന്ത്യയും കായിക മേഖലയിൽ വളരെ പുരോഗമിക്കാനുണ്ട്.

*ചോദ്യങ്ങൾ*

a) ലോകത്തിലെ ഏറ്റവും ജനകീയമായ കളി ഏത്? 1
b) ഏഷ്യയിലെ ഏറ്റവും വലിയ കായിക ശക്തി ഏതാണ്? 1
c) കളികളെക്കുറിച്ച് സ്വാമി വിവേകാനന്ദന്റെ അഭിപ്രായം എന്ത് ? **1**
d) മനസ്സിന്റെ ഏകാഗ്രത വർധിപ്പിക്കുന്ന കളിയേത് ? **1**
e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക **1**

*2. അർത്ഥം എഴുതുക* **1**

a) നീരദം b) നിശീഥിനി

3. *പര്യായപദം* **2**

a) ഇരുട്ട് b) നിലാവ്

4. *വിപരീതപദം* **1**

a) ആകർഷണം b) നന്മ

5. *അർത്ഥവ്യത്യാസം എഴുതുക* 1

a) കൈതവം – കൈരവം

6. *ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക* **3**

a) തന്നിരിക്കുന്നവയിൽ കാരിതം അല്ലാത്തത് ഏത് ?
( പഠിക്കുന്നു , പാടുന്നു ,പറക്കുന്നു )
b) ' ഒളിച്ചിരുന്നു ' _ പിരിച്ചെഴുതി സന്ധി ഏതെന്നെഴുതുക
c) വിനയെച്ചത്തിനു ഉദാഹരണം ഏത് ?
(പോയിപ്പറഞ്ഞു , കണ്ട കാര്യം , എഴുതിയ കഥ )
d) ഒറ്റപ്പദം ആക്കുക _ ' വിനോദത്തിനു വേണ്ടിയുള്ള യാത്ര '
e) ശരിയായ പദം ഏത് ? ( ആഗോഷം , ആഖോഷം , ആഘോഷം )
f) തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക
" വണ്ടിയിൽ നിന്ന് വീണ അവൻ ചലനമില്ലാതെ നിശ്ചലനായി കിടന്നു "

7. *ഉത്തരമെഴുതുക*

a) ജീൻ വാൽ ജീന് കോടതി നൽകിയ ശിക്ഷ എന്തായിരുന്നു ? 1
b) മഴവില്ല് ആകാശത്ത് വന്നത് എന്തിനാണ് ? 1

8. *നിങ്ങളുടെ സ്കൂളിൽ നടത്തിയ വാർഷികദിനാഘോഷത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് നാട്ടിലുള്ള സുഹൃത്തിനു കത്ത് തയ്യാറാക്കുക.* **5**